(₹ in Lakh)

Year	Budget Provision	Expenditure
2011-12	3363.00	3355.85
2012-13	2353.00	2348.62
2013-14	3460.00	3400.98
2014-15	5000.00	4744.00
2015-16	4924.99	9.48
	1910.99	13858.93

അവിവാഹിതരായ ആദിവാസി അമ്മമാർ

206 (T*4790) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസികളിൽ എത്ര അവിവാഹിതരായ അമ്മമാരുണ്ടെന്നുള്ള വിവരം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിവരം ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ ഇവർക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കഴിഞ്ഞ നാലുവർഷ കാലയളവിൽ ഓരോ പദ്ധതിക്കും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) ഇവർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) എങ്കിൽ പെൻഷൻ ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നും എത്രപേർ ഗുണഭോക്താക്കളായെന്നുമുള്ള വിവരം ജില്ല തിരിച്ച് വർഷക്രമത്തിൽ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിലെ കണക്കുകൾ അനുസരിച്ച് 1059 അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതീക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് നിപ്പുര്, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) 2011-12 വർഷം മുതൽ 2014-15 വരെ പദ്ധതിക്കായി വിവിധ ജില്ലകൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ) ഉണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സ്നേഹ സ്പർശം എന്ന പേരിൽ 1,000 രൂപ പ്രതിമാസം പെൻഷൻ നൽകുന്നുണ്ട്.

(എഫ്) ഈ സർക്കാരിന്റെ കാലത്ത് അവിവാഹിതരായ അമ്മമാർക്ക് (പട്ടികവർഗ്ഗക്കാരുൾപ്പെടെ) പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു.*

പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി

207 (4791) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കണ്ണംകുഴിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) വകുപ്പിന് ഭൂമി ലഭ്യമായിട്ട് എത്ര വർഷമായി ; പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ; പ്രസ്തുത ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly